**File No.DB4/20/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വൈക്കം ബ്ലോക്ക് പഞ്ചായത്ത് പട്ടിക വർഗ്ഗ ഭവന നിർമ്മാണ ഗുണഭോക്താവായ ശ്രീമതി ബിന്ദു കൈകത്ത് എന്നയാൾക്ക് അധിക തുക ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.600/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/03/2020

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03/01/2020ലെ കത്ത്.

2 വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 03/08/2019ലെ VKM/679/918 നമ്പർ കത്ത്.

3 28/01/2020ലെ സിസി തീരുമാനം നമ്പർ 4.63

**ഉത്തരവ്**

2018 വർഷത്തെ മഴക്കെടുതിയിൽപ്പെട്ട വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പരിധിയിലുള്ള പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റിൽ 19-ാം നമ്പറായി ഉൾപ്പെട്ട ശ്രീമതി. ബിന്ദു, കൈതകത്ത്, കൊതവറ, തലയാഴം എന്ന ഗുണഭോക്താവിന് വൈക്കം ബ്ലോക്ക് പഞ്ചായത്ത് 2018-19 വാർഷിക പദ്ധതി പ്രോജക്ട് നമ്പർ എസ് 49/20 പട്ടിക വർഗ്ഗ ഭവന പദ്ധതി പ്രകാരം വീട്ടു നിർമ്മിക്കുവാൻ 4.00 ലക്ഷം രൂപ നൽകിയിരുന്നു. എന്നാൽ വീടിന്റെ കോൺക്രീറ്റിംഗ് വരെ പൂർത്തീകരിച്ചുവെങ്കിലും തറ കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ടോയിലറ്റ് എന്നിവ ഇനിയും നടത്തിയിട്ടില്ല. 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ട് ടിഎസ്പിയിൽ നിന്ന് 2 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് നമ്പർ എസ് 68/20 പട്ടിക വർഗ്ഗ ഭവന നിർമ്മാണത്തിന് പദ്ധതി അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവ് താമസിക്കുന്നത് കോളനിക്കകത്തല്ലാത്തതിനാൽ 2 ലക്ഷം രൂപ അനുവദിക്കണമെങ്കിൽ കോർഡിനേഷൻ കമ്മിറ്റിയുടെ അനുവാദം ആവശ്യമാണ്. ഇതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്ത് ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന അനുമതിക്കായി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി

സർക്കാർ ഈ വിഷയം പരാമർശം 3 പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. പണി പൂർത്തിയാക്കാതെ അവസാന ഗഡു നൽകിയതിലും ഓരോ ഗഡു നൽകുമ്പോൾ നിർമ്മാണഘട്ടം പരിശോധിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചു എന്ന് കണ്ടെത്തി. ഇതു പരിശോധിച്ച് നടപടിയെടുക്കാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും, ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അധിക തുക ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, വൈക്കം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ല.

പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

**File No.DB4/20/2020-LSGD**

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ